# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1896** **16/02/2016-ൽ മറുപടിയ്ക്ക്**

## മത്സ്യമാർക്കറ്റിന്റെ ആധുനികവൽക്കരണം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ മത്സ്യമാർക്കറ്റ് ആധുനിക വൽക്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള 7245/സി2/2015 ഫിഷറീസ് നമ്പർ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;<br><br>ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പി ക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ? | എ) യും ബി) യും | കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ കുറുപ്പന്തറ ടൗണിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പുരാതനമായ മത്സ്യ മാർക്കറ്റാണ് മാഞ്ഞൂർ മത്സ്യമാർക്കറ്റ്. 1999-2000 കാലഘട്ടത്തിൽ ഫിഷ് മാർക്കറ്റ് നവീകരണത്തിന് വേണ്ടി വകുപ്പിൽ നിന്നും 4 ലക്ഷം രൂപ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല എന്ന പോരായ്മ നിലവിലുണ്ട്. ടി മാർക്കറ്റ് നിർമ്മാണം സംബന്ധിച്ച് വ്യക്തമായ ശുപാർശയും എസ്റ്റിമേറ്റും സമർപ്പിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14/09/2012-ൽ എൻ. എഫ്. ഡി. ബി അനുമതി ലഭിച്ച ടി പ്രോജക്ടിന് ഇനിയും വാലിഡിറ്റി ഉണ്ടോ എന്നുള്ള വിവരം എൻ. എഫ്. ഡി. ബി യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ടി ഫയലിൽ നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. |

**സെക്ഷൻ ആഫീസർ**